**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 117.** 26.09.2016 ന് മറുപടിയ്ക്ക്

**കഞ്ചാവ്-മയക്കുമരുന്ന് വിൽപ്പന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ (ബഹു: മുഖ്യമന്ത്രി)** |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും വിൽപ്പനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആയത് സംബന്ധമായി എത്ര പേർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കഞ്ചാവ്, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം മുതലായവയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 22.09.2016 തീയതി വരെ എൻ.ഡി.പി.എസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 963 കേസുകളിലായി 1073 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസുകളിൽപെടുന്നവർക്ക് നിയമത്തിന്റെ പഴുതിലൂടെ രക്ഷപ്പെടാൻ കഴിയാത്തവിധം നിയമം കർശനമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | എൻ.ഡി.പി.എസ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമമായ എൻ.ഡി.പി.എസ് ആക്ട് 1985 ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**